ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ  സന്നിധാനം
27-11-2025

## സന്നിധാനവും പരിസരവും എക്സൈസ് നിരീക്ഷണത്തിൽ  ഇതുവരെ 198 പേർക്കെതിരേ നടപടി

ശബരിമല സന്നിധാനവും പരിസരവും 24 മണിക്കൂറും എക്സൈസിന്റെ നിരീക്ഷണത്തിലാണ്. ഒരു സർക്കിൾ ഇൻസ്പെക്ടറും മൂന്ന് ഇൻസ്പെക്ടർമാരും ആറ് അസിസ്റ്റന്റ് ഇൻസ്പെക്ടർമാരും അടങ്ങുന്ന 24 അംഗ ടീമാണ് നിലവിൽ സന്നിധാത്ത് ഡ്യൂട്ടിയിൽ ഉള്ളത്. ഇതിനു പുറമേ ഇന്റലിജൻസ് വിഭാഗത്തിലെ രണ്ടു പേരും സേവനത്തിനുണ്ട്.

മഫ്തി പട്രോളിംഗ്, കാൽനട പട്രോളിംഗ് എന്നിങ്ങനെ രണ്ട് യൂണിറ്റുകളായി തിരിഞ്ഞാണ് വകുപ്പിന്റെ സന്നിധാനത്തെ പ്രവർത്തനം. മൂന്ന് ഷിഫ്റ്റുകളിലായി 24 മണിക്കൂറും ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുണ്ടാകും. ശബരിമലയിൽ ഏതെങ്കിലും വിധത്തിൽ ലഹരി ഉപയോഗം നടക്കുന്നുണ്ടെങ്കിൽ തടയുകയാണ് ലക്ഷ്യം. അതിന്റെ ഭാഗമായി ശക്തമായ നീരീക്ഷണവും പരിശോധനകളുമാണ് ഉദ്യോഗസ്ഥർ നടത്തുന്നത്.

പരിശോധനയിൽ ഇതുവരെ 198 നിയമലംഘനങ്ങൾ കണ്ടെത്തുകയും 39,600 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ടെന്ന് നിലവിലെ സന്നിധാനം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ സുനിൽകുമാർ പറഞ്ഞു. പ്രധാനമായും പുകവലി, അനധികൃത പുകയില വസ്തുക്കളുടെ ഉപയോഗം തുടങ്ങിയ നിയമലംഘനങ്ങളാണ് കണ്ടുവരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

## പത്തു ലക്ഷം പിന്നിട്ട് ഭക്തജന പ്രവാഹം

ഈ തീർത്ഥാടനകാലത്ത് ശബരിമല ദർശനം നടത്തിയ ഭക്തരുടെ എണ്ണം പത്തു ലക്ഷം പിന്നിട്ടു. ഇതുവരെ ആകെ 1029451 തീർത്ഥാടകരാണ് ഈ സീസണിൽ ദർശനം നടത്തിയത്. തീർത്ഥാടനം ആരംഭിച്ച് 12-ാം ദിനമായ വ്യാഴാഴ്ച വൈകിട്ട് ഏഴു വരെ 79707 പേരാണ് മലകയറിയത്.

കൃത്യമായ ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നതിനാൽ തുടരുന്ന തിരക്കിലും സുഖദർശനം ലഭിച്ചതിന്റെ സന്തോഷത്തോടെയാണ് തീർത്ഥാടകർ മലയിറങ്ങുന്നത്. പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് പുറപ്പെട്ടാൽ അധികനേരം കാത്തുനിൽക്കാതെ തന്നെ എല്ലാ ഭക്തർക്കും ദർശനം ഉറപ്പാക്കാൻ കഴിയുന്നുണ്ട്.